# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185* | 04.10.2011 -ൽ മറുപടിയ്ക്ക് |
|---|---|

വികലാംഗർക്കായി വിവിധ ഏജൻസികൾ വഴിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. കെ.എം. ഷാജി | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിൽപ്പെടുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഡിഫറന്റ്ലിഏബിൾഡ് വിഭാഗത്തിൽപ്പെടുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നത്<br>1. സാമൂഹ്യക്ഷേമ വകുപ്പ്<br>2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ<br>3. വികലാംഗക്ഷേമ കമ്മീഷണറേറ്റ്<br>4. വികലാംഗക്ഷേമ കോർപ്പറേഷൻ<br>5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്<br>6. സന്നദ്ധ സംഘടനകൾ |
| (ബി) | ഒന്നിലധികം ഏജൻസികൾ ഈ പ്രവർത്തനം ഏറ്റെടുത്തു നടത്തുന്നതുമൂലം പ്രവർത്തനത്തിൽ ഏകോപനമില്ലെന്നും ചെലവഴിക്കുന്ന തുകയ്ക്കാനുപാതികമായ ഗുണം ആ വിഭാഗത്തിനു ലഭിക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | വികലാംഗർക്ക് പല ഘട്ടങ്ങളിലായി വിവിധ ഏജൻസികൾ ഒന്നിലേറെ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | ഈ തിരിച്ചറിയൽ കാർഡുകളൊന്നും അവർക്ക് ഗുണകരമായിട്ടില്ലെന്നും അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങളൊന്നും അവർക്ക് ലഭിക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | സ്ഥിര വൈകല്യമുള്ളവർക്ക് കാർഡിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലായിടത്തും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | 06.12.2003ലെ സ.ഉ(പി) നം. 71/2003/സാ.ക്ഷേ.വ പ്രകാരം വിലാംഗർക്കുള്ള എല്ലാവിധ ആനുകൂല്യങ്ങൾക്കുമുള്ള രേഖയാക്കികൊണ്ടും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ബാങ്കുകളിലും ഇൻഷുറൻസ് സ്ഥാപനങ്ങളിലും കോർപ്പറേറ്റീവ് അണ്ടർടേക്കിംഗുകളിലും ആധികാരിക രേഖയായി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ 31.11.2010 ലെ സ.ഉ. നം.(പി) 86/2010/സാ.ക്ഷേ.വ പ്രകാരം സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന ഡിസബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പൊതു ആധികാരിക രേഖയായി മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും, ഈ ആനുകൂല്യങ്ങൾക്ക് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റു സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് ഒഴിവാക്കണമെന്നും ഉത്തരവായിട്ടുണ്ട്. |
| (എഫ്) | വിവിധ ഏജൻസികൾ ഏകോപനമില്ലാതെ വികലാംഗരുടെ പേരിൽ വ്യത്യസ്ത പദ്ധതികളിലായി അവർക്ക് പ്രയോജനം ലഭിക്കാത്ത നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ